ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കേരള പി എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - ശ്രീമതി ലിനീഷ പി പി - ശ്രീ റിയാസ് മുഹമ്മദ് - ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**ജീവനക്കാര്യം (ബി) വിഭാഗം**

**നം. DTETVM/1358/2026-EB3 (EB)** **തിരുവനന്തപുരം, തീയതി: 19-02-2026**

---

വായന:-

1. **26.12.2025** തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **R1C-1/40/2024-KPSC** നം. നിയമന ശിപാർശ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നുമുള്ള **04.02.2026** തീയതിയിലെ **DTETVM/2695/2025-EB3 (EB)** നം. നിയമന ഉത്തരവ്.
3. ശ്രീമതി ലിനീഷ പി പി-യുടെ **09.02.2026** തീയതിയിലെ അപേക്ഷ.
4. ശ്രീ റിയാസ് മുഹമ്മദ് എൻ-ൻറെ **13.02.2026** തീയതിയിലെ അപേക്ഷ.
5. സ.ഉ.(പി) നമ്പർ **14/99/P&ARD** തീയതി. **17.7.1999.**
6. സ.ഉ.(പി) നമ്പർ **15/2020**/ഉഭപവ തീയതി. **28/10/2020.**

**ഉത്തരവ്**

വായന (1) ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ റിയാസ് മുഹമ്മദ് എൻ (ക്രമ നം. 2) ശ്രീമതി ലിനീഷ പി പി (ക്രമ നം. 4), എന്നീ ഉദ്യോഗാർത്ഥികളെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്) തസ്തികയിൽ വായന (2) പ്രകാരം ക്രമേണ വയനാട് എഞ്ചിനിയറിംഗ് കോളേജ് , ഗവ. പോളിടെക്നിക് കോളേജ് ചേർത്തല എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി **20.02.2026** തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ ഉദ്യോഗാർത്ഥികൾ നിലവിൽ സേവനത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുണ്ടെന്നും ഇതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവേശന കാലം **45** ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്നും വായന (3) (4) പ്രകാരം അപേക്ഷച്ചിരിക്കുന്നു. പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന (5) (6) ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന (5) (6)-ലെ ഉത്തരവുകൾക്ക് വിധേയമായി

ശ്രീ റിയാസ് മുഹമ്മദ് എൻ (ക്രമ നം. 2) ശ്രീമതി ലിനീഷ പി പി (ക്രമ നം. 4), എന്നീ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതി മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ റിയാസ് മുഹമ്മദ് എൻ , ശ്രീമതി ലിനീഷ പി പി എന്നീ ഉദ്യോഗാർത്ഥികൾ, വായന (2 ) പ്രകാരമുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം തികയുന്ന ദിവസമോ അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 21-02-2026
15:28:53

**#ApprovedByName#**
**#ApprovedByDesignation#**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി